KANNUR UNIVERSITY
കണ്ണൂർ സർവകലാശാല

SALARY CELL

നമ്പർ. FIN F/FIN-F4/2638/2024 | Kannurതീയതി: 31.10.2025

**സർക്കുലർ**

വിഷയം:- കണ്ണൂർ സർവകലാശാല പെൻഷണർമാരുടെ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പണം - 'ജീവൻ പ്രമാൺ' സംവിധാനം വഴിയുള്ള ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് - അംഗീകരിച്ച വിവരം അറിയിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1) /11/2025 തീയതിയിലെ U.O. No FIN F/FIN-F4/2638/2024

കേന്ദ്ര-സംസ്ഥാന ഗവൺമെൻ്റുകൾ, പൊതുമേഖലാ-സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പെൻഷണർമാർ എല്ലാ വർഷവും അതാത് പെൻഷൻ ഡിസ്ബേഴ്സിംഗ് അതോറിറ്റിക്കു നേരിട്ട് സമർപ്പിക്കേണ്ട ലൈഫ് സർട്ടിഫിക്കറ്റ്, ഓൺലൈൻ ആയി സമർപ്പിക്കുന്നതിലേക്ക് കേന്ദ്ര ഇലക്ട്രോണിക്സ് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള 'ജീവൻ പ്രമാൺ' സംവിധാനത്തിൽ കണ്ണൂർ സർവ്വകലാശാലയെ ഉൾപ്പെടുത്തിയിട്ടുണ്ട് . ആയതിൻറെ അടിസ്ഥാനത്തിൽ കണ്ണൂർ സർവ്വകലാശാലയിലെ പെൻഷൻകാർക്ക് അവരുടെ ലൈഫ് സർട്ടിഫിക്കറ്റ് 2025 വർഷം മുതൽ ജീവൻ പ്രമാൺ വഴി ഡിജിറ്റലായി ജനറേറ്റ് ചെയ്യുന്നതിനും അപ് ലോഡ് ചെയ്യുന്നതിനും അംഗീകാരം നൽകിക്കൊണ്ട് മേൽ സൂചന (1) ഉത്തരവ് പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്.

ലൈഫ് സർട്ടിഫിക്കറ്റ് ജീവൻ പ്രമാൺ വഴി ഡിജിറ്റൽ ആയി അപ് ലോഡ് ചെയ്യുന്ന പെൻഷണർമാർ ആധാർ നമ്പർ, ആക്ടീവ് മൊബൈൽ നമ്പർ എന്നിവയുടെ ഉടമകൾ ആയിരിക്കണം. കൂടാതെ അവരുടെ ആധാർ നമ്പർ പെൻഷൻ ഡിസ്ബേഴ്സിംഗ് ഏജൻസിയുമായി രജിസ്റ്റർ ചെയ്തിരിക്കുകയും വേണം.

ജീവൻ പ്രമാൺ പോർട്ടലിൽ ഇതിനായി ഒരു ആപ്ലിക്കേഷൻ ലഭ്യമാക്കിയിട്ടുണ്ട്. പെൻഷണർമാർക്ക് അവരുടെ സ്മാർട്ട് ഫോണിൽ ഈ ആപ്ലിക്കേഷൻ ഡൌൺലോഡ് ചെയ്ത ശേഷം Digital Life Certificate (DLC) ജനറേറ്റ് ചെയ്യുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. അതല്ലെങ്കിൽ ജീവൻ പ്രമാൺ സേവനം നൽകുന്ന ഏതെങ്കിലും ജന സേവന കേന്ദ്രത്തിൽ എത്തിയും ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യാവുന്നതാണ്. അതിനുള്ള നടപടിക്രമങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട് .

ലൈഫ് സർട്ടിഫിക്കറ്റ് ഡിജിറ്റൽ ആയി ജീവൻ പ്രമാൺ വഴി അപ് ലോഡ് ചെയ്യാൻ കഴിയാത്ത പെൻഷണർമാർക്ക് അത് നിലവിലേതുപോലെ നേരിട്ടും സമർപ്പിക്കാവുന്നതാണ്. നേരിട്ട് സമർപ്പിക്കുന്നതിനുള്ള ഫോം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

2025 നവംബർ 25 ന മുൻപായി ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണെന്നും എല്ലാ പെൻഷനർമാരേയും അറിയിക്കുന്നു.

ഒപ്പ് /-
**സുനിൽ കുമാർ എസ്**
ഫിനാൻസ് ഓഫീസർ

സ്വീകർത്താവ്:

എല്ലാ പെൻഷണർമാരും

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

Circular Malayalam of File FIN F/FIN-F4/2638/2024 Approved by FINANCE OFFICER on 31-Oct-2025 04:48 PM - Page 1

ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ്, ജനറേറ്റ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ:

1) പെൻഷൻകാർ ജീവൻ പ്രമാൺ സേവനം ലഭ്യമാക്കുന്ന ഏതെങ്കിലും അക്ഷയ/ സിറ്റിസൺ സർവീസ് സെൻറർ /പോസ്റ്റ് ഓഫിസ് / ബാങ്ക് - ൽ എത്തി ജീവൻ പ്രമാൺ സൈറ്റ് തുറക്കുക.

2) DLC ജനറേറ്റ് ചെയ്യുന്നതിനായി ആദ്യം പെൻഷൻകാരുടെ ആധാർ നമ്പറും മൊബൈൽ നമ്പറും നിശ്ചിത കള്ളികളിൽ ശരിയായി രേഖപ്പെടുത്തി രജിസ്റ്റർ ചെയ്യുക.

3) തുടർന്ന്, രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്ക് എത്തുന്ന One Time Password (OTP), അതിന്റെ കോളത്തിൽ രേഖപ്പെടുത്തിയതിനു ശേഷം OK ബട്ടൺ ക്ലിക്ക് ചെയ്യുക.

4) തുടർന്ന് ലഭ്യമാകുന്ന സ്ക്രീനിൽ പെൻഷൻകാർ അവരുടെ പേര്, പി.പി.ഒ നമ്പർ, പെൻഷൻ തരം, പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി (Kannur University, Kerala), പെൻഷൻ ഡിസ്ബേഴ്സിംഗ് ഏജൻസി (Kannur University, Kerala), ഇ-മെയിൽ ഐ.ഡി, ബാങ്ക് അക്കൗണ്ട് നമ്പർ ഇവ നിശ്ചിത കള്ളികളിൽ കൃത്യമായി രേഖപ്പെടുത്തുക. ഒപ്പം പുനർനിയമനം ലഭിച്ചിട്ടുണ്ടോ, പുനർവിവാഹം ചെയ്തിട്ടുണ്ടോ എന്നതു സംബന്ധിച്ച് Yes/No എന്നീ കള്ളികളിൽ കൃത്യമായ വിവരം ക്ലിക്ക് ചെയ്ത് നൽകേണ്ടതാണ്.

5) തുടർന്ന്, 'എന്റെ പെൻഷൻ വിവരങ്ങൾ ജീവൻ പ്രമാൺ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതിൽ എതിർപ്പില്ല' എന്ന കോളത്തിൽ ക്ലിക്ക് ചെയ്യുക .

6) തുടർന്ന് FINGER/IRIS SCAN ചെയ്ത് നൽകുക. ആധാർ അധിഷ്ഠിത Biometric Authentication സംവിധാനത്തിൽ സ്കാനിംഗ് വിജയകരമായി പൂർത്തിയാക്കുന്നതോടെ സ്ക്രീനിൽ ലൈഫ് സർട്ടിഫിക്കറ്റ് തെളിയുന്നതാണ്. ഒപ്പം മൊബൈൽ നമ്പറിലേക്ക് SMS വഴി ജീവൻ പ്രമാൺ സർട്ടിഫിക്കറ്റിന്റെ ID ലഭിക്കുന്നതുമാണ്. പ്രസ്തുത ID ഉപയോഗപ്പെടുത്തി എപ്പോൾ വേണമെങ്കിലും പെൻഷൻകാർക്ക് അവരുടെ ലൈഫ് സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

Circular Malayalam of File FIN F/FIN-F4/2638/2024 Approved by FINANCE OFFICER on 31-Oct-2025 04:48 PM - Page 2